**പുല്ലുപോലെ ചൂലു കെട്ടി ഷംല, അകലങ്ങളിലിരുന്ന് കൂട്ടു കൂടാൻ ഇ-കൂട്ട് ബ്ളോഗും.. ആലപ്പുഴയിൽ ഭിന്നശേഷിക്കാരും ബാലസഭാ കൂട്ടുകാരും തകർക്കുകയാണ്**

പച്ചയോല ഉതിർത്തിട്ട് കൊടുക്കേണ്ട താമസം. കത്തി കൊണ്ട് നന്നായി ചീവി ഓല കളഞ്ഞ് ശേഷം പച്ച ഈർക്കിൽ അടുക്കി കെട്ടി തുമ്പു മുറിച്ച് കൈപ്പിടിയുടെ ഭാഗത്ത് നല്ല കയറിട്ട് കെട്ടിമാറ്റി വയ്ക്കുമ്പോൾ മുറ്റമടിക്കാൻ നല്ല ഒന്നാന്തരം ഈർക്കിൽ ചൂലായി. ഇനി തുമ്പു വെട്ടാതെ കെട്ടിയെടുത്താൽ പുരയ്ക്കകം അടിച്ചു വാരാം. ഓല കൊണ്ടിട്ടു കൊടുത്താൽ മതി ഷംല നല്ല കിടിലൻ ചൂലുണ്ടാക്കിത്തരും. ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം പഞ്ചായത്തിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളിയായ ഷംസുദ്ദീന്റെയും റഷീദയുടെയും മകളും മനോവികാസ് കേന്ദ്ര കുടുംബശ്രീ ബഡ്സ് സ്കൂളിലെ വിദ്യാർത്ഥിനിയുമാണ് ഇരുപത്തിയാറുകാരിയായ ഷംന.

ലോക്ക് ഡൗൺ കാലത്ത് ഭിന്നശേഷി കുട്ടികൾക്കാവശ്യമായ പ്രചോദനം നൽകാനും അവരിലെ ക്രിയാത്മകത വാടിപ്പോകാതെ വളർത്തിയെടുക്കാനുമാണ് കുടുംബശ്രീയുടെ പരിശ്രമങ്ങൾ. ഇതിനായി സ്കൂളിലെ ടീച്ചർമാരും ജില്ലാമിഷൻ ഉദ്യോഗസ്ഥരും ഉൾപ്പെട്ട വാട്ട്സാപ് ഗ്രൂപ്പും കൂടാതെ ടീച്ചർമാരും സി.ഡി.എസും ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കളും ചേർന്നുള്ള വാട്ട്സാപ് ഗ്രൂപ്പു രൂപീകരിക്കുകയാണ് ആദ്യം ചെയ്തത്. ടീച്ചർമാർ എന്നും രാവിലെ കുട്ടികൾ ഓരോ ദിവസവും ചെയ്യേണ്ട ആക്ടിവിറ്റികൾ എന്തെല്ലാമാണെന്ന് മാതാപിതാക്കളെ അറിയിക്കും. വീട്ടുജോലികളിൽ അമ്മയെ സഹായിക്കുക, ചെടികൾ വച്ചു പിടിപ്പിക്കുക, ചെടി നനയ്ക്കുക, മുറ്റം അടിക്കുക, മാസികയിൽ നിന്നും പടങ്ങൾ വെട്ടി ഒട്ടിക്കുക, മുത്തുമാല കോർക്കുക എന്നിവയാണ് പ്രധാനമായും നൽകുന്ന ആക്ടിവിറ്റികൾ. പേപ്പർ കവർ മേക്കിങ്ങ്, പെയിന്റിങ്ങ്സ്, ചിത്രരചന, ഹാൻഡിക്രാഫ്റ്റ്സ് , ചന്ദനത്തിരി, മെഴുകുതിരി നിർമാണം

തുടങ്ങിയവ ചെയ്യുന്ന കുട്ടികളും ഏറെയാണ്. ഓരോ ദിവസവും തങ്ങൾ ചെയ്ത ജോലികൾ എന്തെല്ലാമാണെന്ന് വാട്ട്സാപ് കൂട്ടായ്മയിൽ ഉൾപ്പെട്ടിട്ടുള്ളവർ ഗ്രൂപ്പിൽ അറിയിക്കും. ഓരോ കുട്ടിയ്ക്കും താൽപര്യമുള്ള ആക്ടിവിറ്റികളാണ് നൽകുക. ഷംന തന്റെ ഇഷ്ട മേഖലയായ ചൂൽ നിർമാണം തന്നെ തിരഞ്ഞെടുത്തു. ഈർക്കിൽ ചൂൽ ഉണ്ടാക്കാൻ വളരെ സമർത്ഥയാണ്. തെങ്ങോല എത്തിച്ചു കൊടുത്താൽ മാത്രം മതി. ഷംന ഏറെ ആസ്വദിച്ചു ചെയ്യുന്നതാണ് ഈർക്കിൽ ചൂൽ നിർമാണം. സ്കൂളിൽ വച്ചു നിർമിക്കുന്ന ചൂൽ സി.ഡി.എസിന്റെ നേതൃത്വത്തിൽ കുടുംബശ്രീ ചന്തകളിൽ എത്തിച്ച് ചൂലൊന്നിന് 35 രൂപയ്ക്ക് വിൽക്കും. ഇങ്ങനെ ചൂൽ വിറ്റു കിട്ടുന്ന പണം ഷംനയ്ക്ക് തന്നെ നൽകും. ലോക്ക് ഡൗൺ കാലത്ത് 40 ചൂലുകളാണ് ഷംന തന്റെ വീട്ടുമുറ്റത്തിരുന്ന് നിർമിച്ചത്. ചൂലെല്ലാം ചൂടപ്പം പോലെ വിറ്റഴിയുന്നുമുണ്ട്.

ബാലസഭാ കുട്ടികളുടെ സർഗശേഷി വിനിയോഗിക്കാനും അവരുടെ കൂട്ടായ്മ സൃഷ്ടിക്കാനും ഇ-കൂട്ട് അകലങ്ങളിലിരുന്ന് കൂട്ടുകൂടാം എന്ന ബ്ളോഗും കുടുംബശ്രീയുടെ നേതൃത്വത്തിൽ ലോക്ക് ഡൗൺ കാലത്ത് ആരംഭിച്ചിട്ടുണ്ട്. ജില്ലയിലാകെ 1984 ബാലസഭകളിലായി 29,283 കുട്ടികൾ അംഗങ്ങളാണ്, ഇവർ രചിക്കുന്ന കഥകൾ, കവിതകൾ, അനുഭവക്കുറിപ്പുകൾ, പെയിന്റിങ്ങുകൾ എന്നിവ ബ്ളോഗിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ ദിവസവും നിരവധി ബാലസഭാ കൂട്ടുകാരാണ് ബ്ളോഗിലേക്ക് തങ്ങളുടെ സൃഷ്ടികൾ നൽകുന്നത്. ബാലസഭയുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് കോഓർഡിനേറ്റർ, ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ, ബ്ളോക്ക് കോഓർഡിനേറ്റർമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവർ ഉൾപ്പെടുന്ന എഡിറ്റോറിയൽ ബോർഡാണ് മികച്ച രചനകൾ തിരഞ്ഞെടുക്കുന്നത്.

ജില്ലയിൽ കുടുംബശ്രീയും തദ്ദേശ സ്ഥാപനങ്ങളും സഹകരിച്ചു കൊണ്ട് ഒമ്പത് ബഡ്സ് സ്കൂളും 11 ബഡ്സ് പുനരധിവാസകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ മാനസിക വികാസവുമായി ബന്ധപ്പെട്ട് സ്കൂളിൽ ചെയ്തു വന്നിരുന്ന വിവിധ പ്രവർത്തനങ്ങൾ ലോക്ക് ഡൗൺ കാലത്ത് തടസപ്പെടുന്നത് ഇവരുടെ ക്രിയാത്മകതയെയും പഠനത്തെയും ബാധിക്കുമെന്ന് കണ്ടാണ് കുടുംബ്രശ്രീ ഇവർക്കായി വ്യത്യസ്തമായ കലാപരിപാടികൾ ഒരുക്കാൻ തീരുമാനിച്ചത്. ഇതിന്റെ ഭാഗമായി ലോക്ക് ഡൗൺ കാലത്ത് കുട്ടികളെ സജീവമാക്കി നിർത്താൻ വേണ്ടി കുടുംബശ്രീ ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ ക്രിയാത്മകമായ നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയായിരുന്നു.